## കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന രജിസ്റ്റേഡ് സൊസൈറ്റിക്ക് ഗ്രാറ്റിവിറ്റി നിയമം ബാധകം

### ഡൽഹി ഹൈക്കോടതി

W.P. (C) No. 10027/2019 Dt. 27.11.2019

നാഷണൽ ബാൽ ഭവൻ x വന്ദന

നാഷണൽ ബാൽ ഭവൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനമാണ്. എങ്കിലും സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്നതിനാൽ എല്ലാ ചെലവുകൾക്കുമുള്ള ധന സഹായം സ്ഥാപനത്തിന് നല്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിന് ഈ സ്ഥാപനത്തിനുമേൽ യാതൊരു നിയന്ത്രണമോ അധികാരമോ ഇല്ല. സ്ഥാപനത്തിന് സ്വന്തം ഗ്രാറ്റിവിറ്റി ചട്ടങ്ങളോ കേന്ദ്ര സർക്കാരിന്റെ ഗ്രാറ്റിവിറ്റി പദ്ധതിയോ ബാധകമല്ല. ഇപ്രകാരമുള്ള സ്ഥാപനത്തിൽ നിന്ന് വിരമിച്ച ഭാഗിക സമയ തൊഴിലാളി ഗ്രാറ്റിവിറ്റി ആവശ്യപ്പെട്ടപ്പോൾ മേനേജ്മെന്റ് അത് നിഷേധിക്കുകയാണുണ്ടായത്. തുടർന്ന് തൊഴിലാളി ഗ്രാറ്റിവിറ്റി കൺട്രോളിങ് അതോറിറ്റി മുമ്പാകെ അപേക്ഷ നല്കി. മുപ്പത് വർഷത്തെ സേവനത്തിനു ശേഷം വിരമിച്ച തനിക്ക് ഗ്രാറ്റിവിറ്റി നല്കാൻ മേനേജ്മെന്റിനോട് നിർദ്ദേശിക്കണമെന്നാണ് തൊഴിലാളി ആവശ്യപ്പെട്ടത്. ഗ്രാറ്റിവിറ്റി നല്കാൻ തങ്ങൾക്ക് ബാധ്യതയില്ലെന്ന് മേനേജ്മെന്റ് വാദിച്ചത് അംഗീകരിക്കാനാവില്ലെന്നു കണ്ട കൺട്രോളിങ് അതോറിറ്റി 2,21,538 രൂപ 10% പലിശ സഹിതം തൊഴിലാളിക്കു നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ ധനസഹായം കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനം ഭരണഘടനയനുസരിച്ച് സർക്കാരിന്റെ ഭാഗമാകയാൽ ഗ്രാറ്റിവിറ്റി നിയമം സ്ഥാപനത്തിന് ബാധകമല്ലെന്നും ഭാഗിക സമയ തൊഴിലാളികൾക്ക് ഗ്രാറ്റിവിറ്റി ആവശ്യപ്പെടാനാവില്ലെന്നും മേനേജ്മെന്റ് വാദിച്ചു. രജിസ്റ്റേഡ് സൊസൈറ്റിയിലെ തൊഴിലാളി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള തസ്തികയാണ് വഹിക്കുന്നതെന്ന് കണക്കാക്കാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. സൊസൈറ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം സ്വതന്ത്ര സ്ഥാപനമായതിനാലും കേന്ദ്ര സർക്കാരിന് അതിന്മേൽ യാതൊരു അധികാരമോ നിയന്ത്രണമോ ഇല്ലാത്തതിനാലും സ്ഥാപനം സർക്കാർ സ്ഥാപനമല്ലെന്ന് ഹൈക്കോടതി വിലയിരുത്തി. അഞ്ച് വർഷമോ അതിലധികമോ കാലം തുടർച്ചയായി സേവനം ചെയ്ത തൊഴിലാളി ഭാഗിക സമയ തൊഴിലാളി ആയാൽ പോലും ഗ്രാറ്റിവിറ്റി ലഭിക്കാൻ അയാൾക്ക് അർഹതയുണ്ടെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഗ്രാറ്റിവിറ്റി നിയമപ്രകാരം, വേതനം കൈപ്പറ്റുന്ന ഏതു തരം തൊഴിലാളിക്കും ഗ്രാറ്റിവിറ്റി നല്കാൻ തൊഴിലുടമ ബാധ്യസ്ഥമാണ്. മറ്റേതു നിയമപ്രകാരവും ഗ്രാറ്റിവിറ്റി ലഭിക്കാൻ തൊഴിലാളിക്ക് സാധ്യതയില്ലാത്തതിനാലും സ്ഥാപനത്തിന് ഗ്രാറ്റിവിറ്റി നിയമം ബാധകമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഗ്രാറ്റിവിറ്റി കൺട്രോളിങ് അതോറിറ്റിയുടെ ഉത്തരവ് ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി ഇരുപതിനായിരം രൂപയുടെ പിഴ സഹിതം തള്ളിക്കളയുകയും ചെയ്തു.